# എഡിറ്റോറിയൽ

നമ്മൾ നാമകരണം ചെയ്യുന്നതെല്ലാം ഭാഷയുടെ മണ്ഡലത്തിലേക്ക് പ്രവേശിക്കുന്നു. അതിനാൽ അർത്ഥത്തിന്റെ മണ്ഡലത്തിലേക്ക്. ലോകം അർത്ഥങ്ങളുടെ ഒരു മേഖലയാണ്, ഒരു ഭാഷയാണ്. എന്നാൽ, ഓരോ പദത്തിനും അതിന്റേതായ പ്രത്യേക അർത്ഥമുണ്ട്. അത് മറ്റെല്ലാ വാക്കുകളിൽ നിന്നും വ്യത്യസ്തവും വിപരീതവുമാണ്. ഭാഷയ്ക്കുള്ളിൽ അർത്ഥങ്ങൾ പരസ്പരം പോരടിക്കുന്നു, പരസ്പരം നിർവീര്യമാക്കുന്നു, പരസ്പരം ഉന്മൂലനം ചെയ്യുന്നു. "എല്ലാം അർത്ഥപൂർണ്ണമാണ്, കാരണം അത് ഭാഷയുടെ ഭാഗമാണ് " എന്ന പ്രസ്താവന വിപരീതമാക്കാം. " എല്ലാം ഭാഷയാണ് അതിനാൽ ഒന്നും അർത്ഥപൂർണ്ണമല്ല. "കവി ഒക്ടോവിയോ പാസ് എഴുതിയതാണിത്. എന്നാൽ, വിവർത്തനം ഭാഷകൾക്കിടയിലല്ല സംസ്കാരങ്ങൾക്കിടയിലാണ് സംഭവിക്കുന്നത്. വിവർത്തനം ഒരു സർഗ്ഗാത്മക വ്യാപാരമാണോ എന്ന ചോദ്യത്തിന് ഇന്നു പ്രസക്തിയില്ല. കാരണം സാഹിത്യകൃതിയുടെ മൂല്യം അതിന്റെ പുതുമയിലാണ്. അപരിചിത ലോകത്തിലെ പരിചിത ദേശങ്ങളുടെ കണ്ടെത്തലാണ് വിവർത്തനം. അത് ഒരു പുതിയ സൃഷ്ടിയാണ്. വിവർത്തനത്തെക്കുറിച്ചുള്ള പഠനങ്ങൾ ഈ ലക്കത്തിന്റെ സവിശേഷതയാണ്. സിനിമയെക്കുറിച്ചും റേഡിയോയെക്കുറിച്ചും പ്രവാസത്തെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുമുള്ള പഠനങ്ങളും ഈ ലക്കത്തിലുണ്ട്. മൗലികത, വ്യക്തിത്വം, പുതുമ ഇതാണ് ഈ പഠനങ്ങളെ ആകർഷകമാക്കുന്നത്. വിത്താണ് യഥാർത്ഥ രൂപകം. അത് നിലത്തു വീഴുന്നു. ഭൂമിയുടെ പരിപോഷണത്താൽ വളരുന്നു. ചിന്തയുടെ ഈ വിത്തുകൾ വായനക്കാരുടെ പരിപോഷണത്താൽ വളരട്ടെ.

**പ്രൊഫ. ഡോ. തോമസ് സ്കറിയ**